# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 26

# കുന്നിനുമീത്തൽ എൽ പി സ്കൂൾ






# ആമുഖം

## പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്തു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രോജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് കുന്നിനുമീത്തൽഎൽപി സ്കൂൾ. പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയം മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് . അതിന് കരുത്ത് പകരാൻ ഏറെ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. അത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.**

പി ടി എ പ്രസിഡന്റ് ഇംത്യാസ്

പ്രധാന അധ്യാപിക  കോമളവല്ലി കെ

എം പി ടി എ പ്രസിഡന്റ് ഷൈനി കെ

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര്: കുന്നിനുമീത്തൽ എൽ പി സ്കൂൾ

മേൽവിലാസം: കോട്ടയം പൊയിൽ,കൂത്തുപറമ്പ്

ഫോൺ:9497844320

സ്കൂൾ കോഡ്: 14639

വിദ്യാഭ്യാസ ഉപജില്ല: കൂത്തുപറമ്പ്

വിദ്യാഭ്യാസ ജില്ല: തലശ്ശേരി

റവന്യൂ ജില്ല : കണ്ണൂർ

ബി.ആർ. സി: കൂത്തുപറമ്പ്

സി.ആർ.സി : കോട്ടയം മലബാർ

ഗ്രാമപഞ്ചായത്ത് : കോട്ടയം

ബ്ലോക്ക് പഞ്ചായത്ത്: കൂത്തുപറമ്പ്

ജില്ലാ പഞ്ചായത്ത്: കണ്ണൂർ

നിയമസഭാ മണ്ഡലം : കൂത്തുപറമ്പ്

ലോകസഭാ മണ്ഡലം : വടകര

താലൂക്ക്. തലശ്ശേരി

വില്ലേജ്: കോട്ടയം

ഇ-മെയിൽ വിലാസം:kunninumeethallpschool@gmail.com

facebook: Kunninumeethal Lp s

youtube: Kunninumeethal LP School

instagram:_kunninumeethal_lp_school

സ്കൂൾ വിക്കി:Kunninumeethal lp school

# സ്കൂളിന്റെ ചരിത്രം

**കോട്ടയം ഗ്രാമപഞ്ചായത്തിൽ 8th വാർഡിൽ കുന്നിനുമീത്തൽ എന്ന സ്ഥലത്ത് 1952-ൽ സ്കൂൾ ആരംഭിച്ചു. അതിനുമുമ്പ് ഈ സ്ഥാപനം ബോർഡ് സ്കൂൾ ആയി പ്രവർത്തിച്ചിരുന്നു. അംഗീകാരം നഷ്ടപ്പെട്ട സ്കൂൾ ( 1951 ൽ ) അതുവരെയും സ്കൂൾ രേഖകൾ എല്ലാം വിദ്യാഭ്യാസ വകുപ്പിലേക്ക് ഏൽപ്പിക്കുകയായിരുന്നുവെന്ന് മാത്രമേ അറിവുള്ളു. തുടർന്ന് പുതിയ മാനേജർ നാട്ടുകാരുടെ കൂട്ടായ്മയിലൂടെ കൂടുതൽ കുട്ടികളെ ചേർത്ത് വീണ്ടും സർക്കാരിൽ നിന്ന് അംഗീകാരം വാങ്ങിയിട്ട് സ്കൂൾ ആയി പ്രവർത്തനം തുടങ്ങുകയായിരുന്നു. 1952 ൽ ഫെബ്രുവരി ഒന്നിന് കുന്നിനു മീത്തൽ എൽ പി സ്കൂൾ എന്ന പേരിൽ പരേതനായ ശ്രീ.ടി.കൃഷ്ണക്കുറുപ്പ് എന്നവരുടെ മാനേജ്മെന്റിൻ കീഴിൽ സ്കൂൾ ആരംഭിച്ചു. മുസ്ലിം ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നമനത്തിൻ ഊന്നൽ നൽകി പ്രവർത്തിച്ച വിദ്യാലയമാണ് ഇത്. ഹിന്ദു വിദ്യാർത്ഥികളുടെ പ്രവേശന കേവലം 10% മാത്രമായിരുന്നു.**

# പൊതുലക്ഷ്യങ്ങൾ

**സ്കൂളുകളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.**

**എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്,അറബി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക**

**വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.**

**ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും, അതിനായി വ്യക്തിഗത പി ടി എ ചേരും**

**ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക് ഷീറ്റുകൾ എസ്. ആർ.ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും**

**ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി" ആക്ടീവായ" വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.**

**ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം,ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം, തുടങ്ങിയവ കൃത്യമായി നടപ്പാക്കാൻ ഹരിതസേന രൂപീകരിക്കൽ**

**-കൃഷി,ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥി സംഘങ്ങൾ രൂപീകരിക്കൽ**

**- വിദ്യാലയം ഹൈടെക് ആക്കി മാറ്റുക**

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം | മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| . ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം | വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല |
| മികച്ച ലൈബ്രറി, | |
| . 'ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല |
| പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്ത് എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ | . കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്ക പ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്. |
| പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട് | IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. |
| സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു . |
| പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | |

# വിദ്യാലയ വികസന പ്രവർത്തനങ്ങൾ

->ക്ലാസ് മുറികൾ ശിശു സൗഹൃദം
-> സ്മാർട്ട് ക്ലാസ് റൂം
-> ലൈബ്രറി പുസ്തകങ്ങൾ നവീകരണം
-> മികച്ച ടോയ്‌ലറ്റ് സൗകര്യം
-> ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ
-> കളിസ്ഥലം
-> കളി ഉപകരണങ്ങൾ ശേഖരണം
-> സ്റ്റേജ്
-> അക്കാദമിക സാഹചര്യം മെച്ചപ്പെടുത്തൽ
->മാസത്തിൽ 2 ദിവസം SRG
-> റാമ്പ് & റെയിൽ സൗകര്യം
-> ഹരിത വിദ്യാലയം
-> ശുചിത്വ വിദ്യാലയം
-> സയൻസ് ലാബിലേക്ക് സാധനങ്ങൾ ശേഖരണം
-> ഗണിത ലാബ് വിപുലീകരണം
-> പച്ചക്കറിത്തോട്ടം
-> പൂന്തോട്ടം
-> യാത്ര സൗകര്യം മെച്ചപ്പെടുത്തൽ
-> ദിനാചരണങ്ങൾ
-> പഠനോപകരണങ്ങൾ ശേഖരണം
-> ക്ലബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ
-> പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക ക്ലാസ്
-> നിരന്തര വിലയിരുത്തൽ
-> കലാ-കായിക- പ്രവൃത്തി പരിചയ പരിശീലനം
-> സുംബ പരിശീലനം
-> യോഗ പരിശീലനം
-> LSS പരിശീലനം
->IT അധിഷ്ടിത പഠനം
-> പഠനയാത്ര
-> ഫീൽഡ് ട്രിപ്പ്
-> ആഴ്ചയിൽ 2 ദിവസം അസംബ്ലി
-> വിദഗ്ധ ക്ലാസുകൾ
-> ശിലപശാലകൾ
-> അധ്യാപക ശാക്തീകരണ പരിപാടിയിൽ പങ്കാളിത്തം
-> ആഘോഷ ദിനങ്ങൾ ജനകീയമാക്കൽ
-> സ്കൂൾ തല മേളകൾ
-> സ്കൂൾ വാർഷികം
-> ക്ലാസ് പത്രങ്ങൾ
-> ബോധവത്കരണ ക്ലാസുകൾ
-> സാമൂഹ്യ പങ്കാളിത്തം
-> PEC Meeting
-> PTA ശാക്തീകരണം
->സ്കൂൾ സുരക്ഷ ക്ലബ് രൂപീകരണം
-> CPTA (- 2 മാസം കൂടുമ്പോൾ)
-> ഗൃഹസന്ദർശനം
-> രക്ഷിതാക്കൾക്കായി പരിപാടികൾ
-> സമഗ്ര ഗുണമേന്മ പരിപാടികൾ

# ഗുണമേന്മ വിദ്യാഭ്യാസം

ഗുണമേന്മ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുട്ടികളിൽ വികസിപ്പിക്കേണ്ട പൊതുധാരണകൾ ഉറപ്പിക്കുന്നതിന്

## 3/6/2025

### സ്കൂളിനെ അറിയാം

- സ്കൂൾ പരിസരം നിരീക്ഷണം
- സ്കൂൾ സംബന്ധമായ പൊതുകാര്യങ്ങൾ അറിയാം

## 4/6/2025

### ട്രാഫിക് നിയമങ്ങൾ

റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ,videoന്റെ സഹായത്തോടെ ക്ലാസ്

## 5/6/2025

### ശുചിത്വം

വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ മനസ്സിലാക്കാൻ വേണ്ടി കുട്ടികൾക്ക് ക്ലാസ് നൽകുന്നു

## 9/6/2025

### പൊതു ആരോഗ്യം

ആരോഗ്യം വ്യായാമം കായിക ക്ഷമത എന്നിവയെ ആസ്പദമാക്കി കുട്ടികൾക്ക് വ്യായാമങ്ങൾ ശീലമാക്കുന്നു

## 10/6/2025

### ഡിജിറ്റൽ അച്ചടക്കം

ഡിജിറ്റൽ അച്ചടക്കത്തിൽ സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗത്തിന്റെ ഗുണങ്ങളും ദോഷങ്ങളും കുട്ടികളെ ബോധവൽക്കരിക്കുന്നു

## 11/6/2025

### പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷണത്തിന്റെ ഭാഗമായി കുട്ടികളിൽ ക്ലാസ് റൂം ഉപകരണങ്ങൾ നശിപ്പിക്കരുത് എന്നും സ്കൂളിലെ ചുറ്റുപാടുകൾ വാഷ്ബേസ് ബാത്റൂം എന്നിവയ്ക്ക് കേടുപാടുകൾ വരുത്തരുത് എന്നും ബോധ്യപ്പെടുത്തുന്നു

## 12/6/2025

### പരസ്പര സഹകരണം

പരസ്പര സഹകരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ ക്ലാസിൽ അവരുടെ സുഹൃത്തുക്കളുടെ കൂടെ ഇടപഴകേണ്ടതിനെ കുറിച്ച് ക്ലാസ് നൽകുന്നു പൊതു ഇടത്തും വീട്ടിലും പരസ്പര സഹകരണത്തിന്റെ പ്രാധാന്യം എന്താണെന്ന് ബോധ്യപ്പെടുത്തുന്നു

## 13/6/2025

### പ്രവർത്തനങ്ങളുടെ പൊതു ക്രോഡീകരണം

# പ്രവർത്തനങ്ങൾ

## ഭാഷ

| | | | | |
|---|---|---|---|---|
| **വായന** | | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | ലൈബ്രറിപുസ്തക പ്രദർശനം ഇഷ്ടപ്പെട്ട പുസ്തകം വായിച്ച് ലഘുവിവരണം തയ്യാറാക്കുക | ആഴ്ചയിൽ ഒരു ദിവസം | Class teacher | 1000 |
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും വായനമൂല ഒരുക്കുന്നു.'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | Class teacher PTA പ്രാദേശിക ക്ലബുകൾ | 4000 |
| **ലേഖനം** | | | | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | Class teacher | 2000 |
| **ആശയഗ്രഹണം** | | | | |
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ ഒക്ടോബർ വരെ | Class teacher | 2000 |
| **റീഡേഴ്സ് തീയറ്റർ** | | | | |
| വായനയിലും അഭിനയത്തിലും താല്പര്യം വരുത്തുക | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകൻ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | Class teacher | 2000 |

## അവതരണ ശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതുവേദികളിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ സാധ്യമാവുക | കുട്ടികൾ പഠിച്ചിട്ടുള്ള കഥകൾ,പാട്ടുകൾ,സംഭാഷണം, *skit* തുടങ്ങിയവ അവതരിപ്പിക്കാനുള്ള സന്ദർഭങ്ങൾ ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | Class teacher | 5000 |

## English

## അവതരണ ശേഷി

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | ഇംഗ്ലീഷ് അസംബ്ലി, ഏതെങ്കിലും ദിനാചരണങ്ങളിൽ English speech, ബുള്ളറ്റിൻ ബോർഡ് ഒരുക്കുക | ജൂൺ മുതൽ മാർച്ച് വരെ | Class teacher | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | PTA യുടെ സഹകരണത്തോടെ English reading card നിർമ്മാണം | സപ്തംബർ | All teachers PTA | 2000 |

## അറബിക്

## അടിസ്ഥാനശേഷി ഉറപ്പിക്കൽ

| | | | | |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാനശേഷി നേടിയെടുക്കുക | മുന്നറിവ് പരിശോധന<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>വാചകങ്ങൾ നിർമ്മാണം<br>അറബി ഭാഷയിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | Noufal master | 2000 |
| | വായന മത്സരം<br>രചനാ മത്സരം | | | |

## ഗണിതം

ഗണിത ലാബ്, ഗണിത മൂല, Unit test , ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക | ഗണിത ലാബ് സജ്ജമാക്കുക എല്ലാ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കുക, | ജൂൺ മുതൽ മാർച്ച് വരെ | Class teacher | 5000 |
| പഠന നേട്ടങ്ങൾ നേടിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി,പരിഹാര ബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | Class teacher | 2000 |

## പരിസര പഠനം

പരീക്ഷണം, നിരീക്ഷണ പ്രവർത്തനങ്ങൾ

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്താനും ശാസ്ത്രമനോഭാവം ശാസ്ത്രവബോധം എന്നിവ വികസിക്കാൻ | ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്ത് പരീക്ഷണം ഘട്ടങ്ങൾ മനസ്സിലാക്കി റിപ്പോർട്ട് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | Class teacher | 3000 |
| ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക | ശാസ്ത്രപഠനപരീക്ഷണങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ കണ്ടെത്തി സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | Class teacher | 3000 |

# പ്രവൃത്തി പരിചയം

## പ്രവൃത്തിപരിചയ ശില്പശാല, ഒറിഗാമി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുക ശില്പശാല മേളയിൽ പങ്കെടുപ്പിക്കുക | സെപ്റ്റംബർ | All teachers | 10000 |
| മറ്റു വിഷയങ്ങളുമായി പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്കുക | പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കും, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കും പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | Class teacher | 2000 |

# സർഗ വേദി

## കലാ പ്രകടനം

| | | | | |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുക | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക് തുടങ്ങിയവയിൽ കുട്ടികൾക്ക് പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | All teachers PTA | 1000 |
| കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുക | കുട്ടികളുടെ മികവുകൾ സോഷ്യൽ മീഡിയ വഴി സമൂഹവുമായി പങ്കുവെക്കൽ | ജൂൺ മുതൽ മാർച്ച് വരെ | Class teacher | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായിക പ്രവർത്തനങ്ങൾക്ക് അവസരം നൽകുക | PT പിരീഡിൽ നാടൻ കളികൾ ലഘു വ്യായാമങ്ങൾ, മറ്റ് കളികൾ എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | All teachers | |
| മാനസികാരോഗ്യം മെച്ചപ്പെടുത്തുക ഏകാഗ്രത വർദ്ധിപ്പിക്കുക | യോഗ പരിശീലനം സൂംബ പരിശീലനം എന്നിവ നടത്തുക | ജൂൺ മുതൽ മാർച്ച് വരെ | Yoga instructor Teachers | 2000 |

# <u>നിർവഹണ ചുമതല</u>

കോമളവല്ലി കെ ( Headmistress)

ജ്യോതി റാണി എൻ കെ

സ്മേര രാജൻ കെ

ജിൻസി സി

രമിത്ത് പി കെ

നൗഫൽ കെ